## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2408.** **07/10/2016-ൽ മറുപടിയ്ക്ക്.**

## ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ. ബി.സത്യൻ:**

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്ന ശേഷം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മാമം നാളികേര കോംപ്ലക്സ് പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

**മറുപടി**
**ശ്രീ.വി.എസ്. സുനിൽകുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) & (ബി) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഉല്പന്നത്തിന്റെ മാർക്കറ്റ് കണ്ടെത്തി നിലവിൽ സ്ഥാപിച്ചിട്ടുള്ള യന്ത്ര സാമഗ്രികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് ഒരു ട്രയൽറൺ നടത്തുന്നതിനും ഇപ്രകാരം കിട്ടുന്ന വെർജിൻ കോക്കനട്ട് ഓയിൽ മൊത്തമായി സൂപ്പർമാർക്കറ്റ് ശൃംഖല വഴി വിറ്റഴിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തികൾക്കായി ആർ.കെ.വി.വൈ-യിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തികളുടെ ടെണ്ടർ നടപടിയിലും നടത്തിപ്പിലും ഉള്ള പരാതികളും ആക്ഷേപങ്ങളും സംബന്ധിച്ച് പത്ര-ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**